**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 225** **01-02-2023 - ൽ മറുപടിയ്ക്ക്**

**മായം കലർന്ന പാലിന്റെ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ പിടികൂടിയ പാലിൽ ഹൈഡ്രജൻ പെറോക്സൈഡ് കലർത്തിയിട്ടില്ലെന്ന് ഭക്ഷ്യസുരക്ഷാവകുപ്പിന്റെ അന്തിമ പരിശോധന ഫലത്തിൽ കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിലുള്ള NABL അംഗീകാരമുള്ള തിരുവനന്തപുരം ഗവ. അനലിസ്റ്റ്സ് ലബോറട്ടറിയിൽ നടത്തിയ പരിശോധനയിൽ ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ പിടികൂടിയ പാലിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ സാന്നിധ്യം ഉള്ളതായി കണ്ടെത്തിയിട്ടില്ല. |
| (ബി) | ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ പിടികൂടിയ പാലിൽ ഹൈഡ്രജൻ പെറോക്സൈഡ് കലർത്തിയിട്ടുണ്ട് എന്ന ക്ഷീര വകുപ്പിന്റെ കണ്ടെത്തലിന് വിരുദ്ധമായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അന്തിമ പരിശോധനാഫലം വരാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ എൻ.എ.ബി.എൽ അംഗീകാരമുള്ള തിരുവനന്തപുരം ഗവ. അനലിറ്റിക്കൽ ലബോറട്ടറിയിൽ നടത്തിയ പരിശോധനയിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ സാന്നിദ്ധ്യം ഇല്ല എന്നത് ശാസ്ത്രീയമായി പരിശോധിച്ച് ഉറപ്പിച്ചിട്ടുണ്ട്. |
| (സി) | പാലിൽ ഹൈഡ്രജൻ പെറോക്സൈഡ് കലർത്തി ആറ് മണിക്കൂറിനകം പരിശോധന നടത്തിയില്ലെങ്കിൽ രാസസാന്നിധ്യം കണ്ടെത്താൻ കഴിയില്ല എന്നത് വസ്തുതയാണോ; എങ്കിൽ ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പരിശോധന വൈകാനുണ്ടായ സാഹചര്യം വിശദമാക്കാമോ? | (സി) | ഹൈഡ്രജൻ പെറോക്സൈഡ് ആറ് മണിക്കൂറിനുള്ളിൽ പരിശോധിച്ചില്ല എങ്കിൽ കണ്ടെത്താൻ കഴിയില്ല എന്ന് ശാസ്ത്രീയ പഠന റിപ്പോർട്ട് ഒന്നും തന്നെയില്ല .ടി വിഷയത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പരിശോധന വൈകിയിട്ടില്ല. രാവിലെ 6 മണിയ്ക്ക് അറിയിപ്പ് കിട്ടി രാവിലെ 9 മണിയ്ക്ക് മുൻപ് തന്നെ ആര്യങ്കാവ് ചെക്ക് പോസ്റ്റിലെത്തുകയും സ്റ്റാറ്റ്യൂട്ടറിയായി തന്നെ 4 പാർട്ട് സാമ്പിൾ എടുത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബിൽ എത്തിക്കുകയാണ് ചെയ്തത്. സ്റ്റാറ്റ്യൂട്ടറി സാമ്പിൾ എടുക്കുന്നതിന് 1.30 മുതൽ 2.00 മണിക്കൂർ വരെ സമയം ആവശ്യമാണ്. അത് കഴിഞ്ഞ് സാമ്പിൾ കോൾഡ് ചെയിൻ നിലനിർത്തി 2.30 PM ന് ലാബിൽ എത്തിച്ചു. ഈ കാലതാമസം സ്വാഭാവികം മാത്രമാണ് . |

സെക്ഷൻ ഓഫീസർ